പത്രപ്രസ്താവന

ഭാരതീയ റിസർവ്വ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ഫെബ്രുവരി 1, 2017

## വെർച്ച്വൽ കറൻസി ഉപയോഗത്തിനെതിരെ ഭാരതീയ റിസർവ്വ് ബാങ്ക് ജാഗ്രതാ നിർദ്ദേശം നൽകുന്നു.

ബിറ്റ് കോയിൻ ഉൾപ്പെടെയുള്ള വെർച്ച്വൽ കറൻസി ഉപയോഗിക്കുന്നവർ, കൈവശം വയ്ക്കുന്നവർ, വില്പന നടത്തുന്നവർ എന്നിവർക്ക് ഇത്തരം കറൻസികളുടെ സാമ്പത്തികം, നിയമപരം, ഉപഭോക്താവിന്റെ താല്പര്യ സംരക്ഷണം, സുരക്ഷാ കാരണങ്ങൾ, എന്നീ മേഖലകളിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന അപായ സാധ്യതകളെ കുറിച്ച് 2013 ഡിസംബർ 24 ലെ പത്രക്കുറിപ്പ് വഴി ജാഗ്രതാ നിർദ്ദേശം നൽകിയിരുന്നു.

ബിറ്റ് കോയിൻ ഉൾപ്പെടെയുള്ള വെർച്ച്വൽ കറൻസിയിൽ ഇടപാടു നടത്തുവാൻ ഏതെങ്കിലും സ്ഥാപനത്തിനോ കമ്പനിക്കോ ഭാരതീയ റിസർവ് ബാങ്ക് ലൈസൻസ് നൽകിയിട്ടില്ലെന്ന് പൊതുജനങ്ങളെ അറിയിക്കുന്നു. അതിനാൽ ഏതെങ്കിലും ഉപയോക്താവോ, കൈവശം വയ്ക്കുന്നവരോ നിക്ഷേപകനോ, കച്ചവടക്കാരനോ വെർച്ച്വൽ കറൻസിയിൽ ഇടപാടു നടത്തുന്നത് അവരുടെ പരിപൂർണ്ണ ഉത്തരവാദിത്വത്തിൽ മാത്രം ആയിരിക്കും.

ജോസ് ജെ.കാട്ടൂർ
ചീഫ് ജനറൽ മാനേജർ

പത്രപ്രസ്താവന : **2016-2017/2054**